

സൗമ്യനായ കടൽനായ്



ഭീമൻ കരയാമ



ഇഗ്വാനാ എന്ന തടിയൻ പല്ലി

പരിണാമത്തിന്റെ പ്രദർശനച്ചെപ്പ്

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

പ്രധാനപ്പെട്ട സങ്കേതങ്ങളിൽ തീപിടുത്തമുണ്ടായാൽ വാർത്താപ്രാധാന്യമുള്ള സംഭവമായിത്തീരുക പതിവാണ്. ശാസ്ത്രജ്ഞന്മാർ വളരെ പ്രധാനപ്പെട്ടതായി അംഗീകരിച്ചിട്ടുള്ള ഗാലപ്പാഗോസ് ദ്വീപസമൂഹത്തിൽ കഴിഞ്ഞ ഫെബ്രുവരി മാസത്തിലും മാർച്ചിന്റെ ആദ്യവാരത്തിലും കാട്ടുതീ പടർന്നു പിടിച്ചപ്പോൾ, ആരുംതന്നെ അതിനെക്കുറിച്ചു ശ്രദ്ധിച്ചില്ല. ആ സംഭവത്തെ ബഹുജനമാധ്യമങ്ങൾ ശ്രദ്ധേയമാക്കി പരാമർശിച്ചുമില്ല. എങ്കിലും ആ സങ്കേതം സംരക്ഷിക്കുന്നതിന് സഹായാഭ്യർത്ഥന ഇക്വഡോർ സർക്കാർ പുറപ്പെടുവിച്ചപ്പോൾ, അമാന്തം കാണിക്കാതെ വളരെ രാജ്യങ്ങൾ വിഭവസമേതം രംഗത്തുവന്നു. കാനഡ, അമേരിക്കൻ ഐക്യനാടുകൾ, ബ്രിട്ടൺ, ഫ്രാൻസ്, ജർമ്മനി, ജപ്പാൻ തുടങ്ങിയവ ആ പട്ടികയിൽ പെടും.

ഇപ്രകാരം ലോകരാജ്യങ്ങൾ ഒന്നിച്ചു് കാട്ടുതീ അണയ്ക്കുവാൻ തയ്യാറായത്, ഗാലപ്പാഗോസ് ദ്വീപസമൂഹം പ്രകൃതിപൈതൃകമെന്ന നിലയിൽ ആർജ്ജിച്ചിട്ടുള്ള പ്രാമാണ്യംകൊണ്ടാണെന്നു പറയേണ്ടതില്ല.

പില്ക്കാലങ്ങളിൽ ശ്രദ്ധേയങ്ങളായിത്തീർന്നിട്ടുള്ള സംഭവങ്ങൾ അവ നടന്ന കാലത്ത് ഗൗരവമുള്ളവയായി കരുതാതിരുന്നിട്ടുള്ളതിന് എത്രയോ ഉദാഹരണങ്ങൾ ചരിത്രത്തിലുണ്ട്. ബീഗിൾ (H.M.S. Beagle) എന്ന കപ്പലിൽ ചാൾസ് ഡാർവ്വിൻ എന്ന യുവാവ് 1831-ൽ ലോകപര്യടനത്തിനു പുറപ്പെട്ടപ്പോൾ അത് പ്രാധാന്യമുള്ള ഒരു സംഭവമായി ആരും കരുതിയില്ല. പര്യടനസംഘത്തിൽത്തന്നെ പ്രമാണിയായ ഒരാളായിരുന്നില്ല ചാൾസ്. രണ്ടുമൂന്നു കുപ്പായം, രണ്ടു ജോഡി പാദരക്ഷകൾ, സ്പാനിഷ് ഭാഷ പഠിക്കുന്നതിനുതകുന്ന ചില പുസ്തകങ്ങൾ, തോക്ക്, ഒരു ഭൂതക്കണ്ണാടി—ഇത്രയുമായിരുന്നു ആ യുവാവ് സ്വരൂപിച്ചിരുന്ന വിഭവങ്ങൾ. ആവശ്യത്തിന് ആരോഗ്യംപോലുമില്ലായിരുന്നു ആ ചെറുപ്പക്കാരന്. കടൽച്ചൊരുക്കിനെക്കുറിച്ചു പറഞ്ഞുകേട്ടിരുന്നെങ്കിലും, അതിന്റെ ഉഗ്രത എത്രമാത്രമെന്ന് നേരിട്ട് അനുഭവിച്ചറിഞ്ഞത് ഈ യാത്രയുടെ ആരംഭത്തിലാണ്. തുടർന്ന് കപ്പൽസഞ്ചാരകാലത്തെല്ലാം ഏറിയ സമയവും അവശനായി, ശയ്യാവലംബിയായിത്തീർന്നു. തുടരെ അനുഭവിച്ച അനാരോഗ്യത്താൽ, സേവനം മതിയാക്കി, ചാൾസിനെ മടക്കിഅയയ്ക്കുന്നതിനുപോലും പര്യടനത്തലവനായിരുന്ന കപ്പിത്താൻ ഫിറ്റ്സ് റോയ് Fitz Roy) ഗൗരവമായി ചിന്തിക്കുകയുണ്ടായി.

കടൽച്ചൊരുക്കിൽനിന്നു രക്ഷനേടുവാൻ കരയിൽ കൂടുതൽനേരം ചിലവഴിക്കുകയായിരുന്നു ഏകമാർഗ്ഗം. കപ്പൽ എവിടെയെങ്കിലും നങ്കൂരമടിച്ചാൽ, നേരത്തെ കരയ്ക്കിറങ്ങുന്നതിന് തല്പരനാകും. പ്രകൃതിനിരീക്ഷണത്തിലുള്ള ആവേശവും, അനാരോഗ്യം മറക്കാനുള്ള വ്യഗ്രതയും പുതിയ സ്ഥലങ്ങളിലെ സവിശേഷതകൾ ഗഹനമായി പഠിക്കുന്നതിലുള്ള പ്രയത്നത്തിൽ മുഴുകുന്നതിനു പ്രേരിപ്പിച്ചു. ഇതാണ് ശാസ്ത്രത്തിന് സമ്പത്തുണ്ടാക്കിയത്.

1835 സെപ്തംബർ 15-ന് പര്യടനസംഘം ഗാലപ്പാഗോസ് ദ്വീപസമൂഹങ്ങളിൽ എത്തി. ജീവശാസ്ത്ര ചരിത്രത്തിൽ ഒരു നിർണ്ണായകരംഗം കുറിക്കുന്നതാണ് ഈ സംഭവമെന്ന് അന്ന് ആരും നിനച്ചില്ല. കടൽച്ചൊരുക്കുകൊണ്ട് കഷ്ടപ്പെട്ടിരുന്ന ചാൾസ് നേരത്തെ കരപറ്റി. ചരിത്രത്തിന്റെ ഒരു നവീനാദ്ധ്യായത്തിലേക്ക് ശാസ്ത്രത്തെ അന്നു ആനയിക്കുകയാണെന്ന് അദ്ദേഹം കരുതിയതേയില്ല. ആ പ്രദേശങ്ങളിൽ നടത്തിയ നിരീക്ഷണങ്ങളും പഠനങ്ങളും ആസ്പദമാക്കിയുള്ള നിഗമനങ്ങൾ, രത്നച്ചുരുക്കമായി ഗ്രന്ഥരൂപത്തിൽ, ഇരുപത്തിനാലു കൊല്ലങ്ങൾക്കു ശേഷം പ്രസിദ്ധപ്പെടുത്തി, 1859 നവംബർ 24-ാം തീയതി. ആ പുസ്തകം പ്രസിദ്ധീകരിച്ച ദിവസംതന്നെ അതിന്റെ എല്ലാ പ്രതികളും വിറ്റുതീരുകയുണ്ടായി. മനുഷ്യന്റെ പ്രകൃതിസംവിധാന സങ്കല്പത്തെ സാരമായി വ്യത്യാസപ്പെടുത്തിയ ആദ്യത്തെ, പ്രകൃതിശാസ്ത്ര ഗ്രന്ഥമായിത്തീർന്നു ആ കൃതി. അന്നുവരെ ആരും ശ്രദ്ധിക്കാതെ, ഒറ്റപ്പെട്ട് ഒതുങ്ങിക്കിടന്നിരുന്ന ഒരു കൊച്ചു ദ്വീപസമൂഹം, ജീവപരിണാമപ്രക്രിയയെ പ്രാമാണികമായി പ്രകാശിപ്പിക്കുന്ന നിരവധി തെളിവുകളുടെ പ്രദർശനശാലയായി ഗവേഷകന്മാർ കാണാൻ തുടങ്ങി. "പ്രകൃതി നിർദ്ധാരണം" (Natural Selection) പ്രമുഖമായ ഒരു അഭിപ്രായമായി സ്വീകരിക്കാനും ഇടവന്നു. ഇന്ന് ലോകപൈതൃകമായി World Heritage) അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു പ്രധാനപ്പെട്ട സങ്കേതമാണ് ഗാലപ്പാഗോസ് ദ്വീപസമൂഹം. ലോകപ്രസിദ്ധമായ ചാൾസ് ഡാർവ്വിൻ ഗവേഷണസങ്കേതം അവിടെ സ്ഥാപിതമായി. ഗാലപ്പാഗോസ് നാഷണൽ പാർക്ക് 1959-ൽ നിലവിൽവന്നു. യുനെസ്കോയുടെ 'മനുഷ്യനും ജീവമണ്ഡലവും' Man and Biosphere) എന്ന പരിപാടിയിൽപ്പെടുന്ന ഒരു സംരക്ഷണമേഖലയാണ് ഇവിടം. ഭൂതലത്തിൽ മറ്റെവിടെയുമില്ലാത്ത പരിസ്ഥിതിയാണിവിടത്തേത്. അതെല്ലാം ഒരു കാട്ടുതീ തിന്നുതീർക്കുമായിരുന്നു, അഖിലലോകാടിസ്ഥാനത്തിൽ സംഘടിപ്പിച്ച സഹകരണസംരംഭം വിജയിക്കാതിരുന്നെങ്കിൽ. സൈനികർ ശാസ്ത്രജ്ഞന്മാർ, വൈമാനികർ, അഗ്നിശമന വിദഗ്ധന്മാർ എന്നിവരെക്കൂടാതെ തദ്ദേശവാസികളും ആത്മാർത്ഥമായി ഭാഗഭാക്കുകളായി.

ഏതാണ്ട് മുന്നൂറു് സംവത്സരങ്ങൾക്കുമുമ്പു്, തോമസ് ഡി ബെർലാൻഗാ (Brother Thomas de Berlanga) ശാന്ത സമുദ്രത്തിൽ, ഇക്വഡോർ തീരത്തുനിന്ന് ആയിരത്തോളം കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഈ ദ്വീപസമൂഹത്തെ, ആദ്യം കണ്ടെത്തി. പിന്നെ 150 കൊല്ലം ചെന്നപ്പോൾ മറ്റൊരു കണ്ടെത്തലിനു കാരണഭൂതനായി ചാൾസ് ഡാർവ്വിൻ അവിടെ കാൽവച്ചു!

ഗാലപ്പാഗോസ് ദ്വിപസമൂഹത്തെ ഒരു "സജീവ കാഴ്ചബംഗ്ലാവ്", "പരിണാമത്തിന്റെ പ്രദർശനച്ചെപ്പ്"—എന്നൊക്കെ വിശേഷിപ്പിക്കാറുണ്ട്, വിദഗ്ധന്മാർ. ആകപ്പാടെ 635 ജന്തുജാതികൾ അവിടെ ഉണ്ടെന്നാണറിവ്. ഇരുന്നൂറു കിലോഗ്രാം ഭാരം വയ്ക്കുന്ന ഭീമരൂപിയായ കരയാമ, ഹിഞ്ചുപക്ഷികൾ, ഇഗ്വാനാ എന്ന വലിയ പല്ലികൾ തുടങ്ങിയവ മറ്റെങ്ങും അറിയപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പതിനഞ്ചോളം ആമവർഗ്ഗങ്ങൾ, അന്യംനിന്നേക്കാവുന്നവയാണെന്നത്രേ ശാസ്ത്രകാരന്മാരുടെ ആശങ്ക. കാട്ടുതീ പടർന്നു പിടിച്ചപ്പോൾ എണ്ണൂറോളം ഭീമൻ ആമകളെ രക്ഷാസങ്കേതങ്ങളിലേക്ക് വൈമാനികർ നീക്കം ചെയ്തു.

ഈ ദ്വീപസമൂഹങ്ങൾക്കു ചുറ്റുമുള്ള കടലിൽ രണ്ടിനം വരുത്തരായ കടൽ നായ്ക്കൾ (Seal) ഉണ്ട്. ഒന്ന് കാലിഫോർണിയ തീരക്കടലിൽനിന്നും, മറ്റേത് ജാവാക്കടലിൽനിന്നും കുടിയേറിയവർ. കലഹമില്ലാതെ, സന്തോഷമായി, ഒന്നിച്ചു് അവ കഴിഞ്ഞുപോകുന്നു. ഇഗ്വാനാ പല്ലികൾ, ഫിഞ്ചുപക്ഷികൾ, പെൻഗ്വിൻ, ആൽബട്രോസ് തുടങ്ങിയ പറവകൾ കൂടാതെ ഒരിനം സൂര്യകാന്തിച്ചെടിയും നാശത്തിന്റെ വക്കിലാണ് വർത്തിക്കുന്നത്. ഈ സമൂഹത്തിലെ ഏറ്റവും വലിയ ദ്വീപിൽ ആകപ്പാടെ അറുനൂറോളം മനുഷ്യരേയുള്ളു!

പ്രകൃതി പരിരക്ഷണത്തിന്റെ ഉത്തരവാദിത്വം ഇന്നു മനുഷ്യനിൽ മാത്രം നിക്ഷിപ്തമാണ്. മറ്റെങ്ങുമലഭ്യങ്ങളായ പൈതൃകത്തെ ഇനിയുള്ള പരമ്പരകൾക്കായി പരിപാലിച്ചില്ലെങ്കിൽ, പ്രധാനപ്പെട്ട ഒരു കർത്തവ്യം അനുഷ്ഠിച്ചില്ലെന്ന കുറ്റം നമുക്ക് ഏൽക്കേണ്ടിവരും. വരുംതലമുറകൾ അതിനു മാപ്പു നൽകുകയുമില്ല.

കൈപ്പറ്റിയ പുസ്തകങ്ങൾ

1. വിഷകന്യക (നോവൽ)—എസ്.കെ.പൊറ്റക്കാട്	22.00
2. പലവക (നാടകം)—പുലിയൂർ രവീന്ദ്രൻ	8.50
3. കറാമ്പു് (നോവൽ)—പൊറ്റക്കാട്	7.50
4. [illegible]	16.00